(ബി) എങ്കിൽ അന്വേഷണഫലം വ്യക്തമാക്കുമോ ;

(സി) ആരാണ് അന്വേഷണം നടത്തിയതെന്നും അദ്ദേഹത്തെ അന്വേഷണചുമതല ഏൽപ്പിച്ചത് എന്നാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) അന്വേഷണത്തിൽ കാലതാമസം ഉണ്ടാകുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അന്വേഷണം പൂർത്തിയായിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ ബാങ്കിൽ ഈ കാലയളവിൽ എത്ര പേരെയാണ് നിയമിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സഹകരണ വകുപ്പിലെ നന്ദിയോട് യൂണിറ്റ് ഇൻസ്പെക്ടറെ 27-7-1998-ൽ ചുമതലപ്പെടുത്തുകയുണ്ടായി.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കും.

(എഫ്) 10 പേരെ നിയമിച്ചു.

ജില്ലാ സഹകരണ ബാങ്കുകൾ ജില്ലാ ഗവൺമെന്റ് ട്രഷറിയിൽ പണം നിക്ഷേപിക്കുന്ന നടപടി

128 (2706) ശ്രീ. കെ. എ.ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. വി. ബാലറാം :
ശ്രീമതി റോസമ്മാ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്കുകൾ ജില്ലാ ഗവൺമെന്റ് ട്രഷറിയിൽ പണം നിക്ഷേപിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളാണ് ഇങ്ങനെ നിക്ഷേപിച്ചിരിക്കുന്നത് ;

(സി) ബാങ്കുകളുടെ മിച്ച ധനമാണോ ഇങ്ങനെ നിക്ഷേപിച്ചിരിക്കുന്നത് ;

(ഡി) ഇങ്ങനെ നിക്ഷേപിക്കുന്ന തുകയിൽ സംസ്ഥാന സഹകരണ ബാങ്കിന്റെയോ മറ്റു സ്ഥാപനങ്ങളുടെയോ വിഹിതം ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ എത്ര വീതം ; നിക്ഷേപങ്ങളുടെ പലിശ നിരക്ക് എത്രയാണ് ;

(എഫ്) ഇങ്ങനെ നിക്ഷേപിക്കുന്നതിന് നബാർഡോ റിസർവ് ബാങ്കോ അനുവാദം തന്നിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

1.	തിരുവനന്തപുരം	ജില്ലാ ബാങ്ക്
2.	കൊല്ലം	"
3.	പത്തനംതിട്ട	"
4.	ഇടുക്കി	"
5.	കോട്ടയം	"
6.	എറണാകുളം	"
7.	തൃശ്ശൂർ	"
8.	പാലക്കാട്	"
9.	മലപ്പുറം	"
10.	കോഴിക്കോട്	"
11.	വയനാട്	"

(സി&ഡി) ബാങ്കുകളുടെ പൊതു ഫണ്ടാണ് നിക്ഷേപിക്കുന്നത്.

(ഇ)

കൊല്ലം ജില്ലാ സഹകരണ ബാങ്ക്	75 കോടി രൂപ 15% പലിശ.
പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്	25 കോടി രൂപ 15% പലിശ.
തൃശ്ശൂർ ജില്ലാ ബാങ്ക്	1,02,82,000 കോടി രൂപ 14% പലിശ.
ഇടുക്കി ജില്ലാ സഹകരണ ബാങ്ക്	125 കോടി രൂപ 15% പലിശ.
പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	100 കോടി രൂപ 15% പലിശ.
മലപ്പുറം ജില്ലാ സഹകരണ ബാങ്ക്	100 കോടി രൂപ പലിശ. നിശ്ചയിച്ചിട്ടില്ല.
കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്	100 കോടി രൂപ 15% പലിശ.

(എഫ്) കേരള സഹകരണ നിയമത്തിലെ വകുപ്പ് 57 അനുസരിച്ച് ബാങ്കുകൾക്ക് ഗവൺമെന്റ് സേവിംഗ്സ് ബാങ്കിൽ തുക നിക്ഷേപിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly